# പതിനാലാം കേരള നിയമസഭ
# (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4805** **19.05.2017-ൽ മറുപടിയ്ക്ക്**

## കടലിൽക്കൂട്ടമത്സ്യകൃഷി

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) കടലിൽ കൂട്ടമത്സ്യകൃഷി തുടങ്ങുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | എ) ഉണ്ട്. നീല വിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി കടലിൽ കൂടു മത്സ്യകൃഷി നടത്തുന്നതിനായി 1398 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 400 ലക്ഷം രൂപ കേന്ദ്ര വിഹിതവും 866 ലക്ഷം രൂപ സംസ്ഥാന സർക്കാർ വിഹിതവും 132 ലക്ഷം രൂപ ഗുണഭോക്തൃവിഹിതവുമാണ്. ഈ പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളിലെ നിർദ്ദിഷ്ട സ്ഥലങ്ങളിൽ 10 കൂടുകളടങ്ങുന്ന 16 യൂണിറ്റുകൾ പ്രവർത്തിപ്പിക്കുവാനാണ് വിഭാവനം ചെയ്യുന്നത്. ഇതിനായി മേൽപറഞ്ഞ ഓരോ ജില്ലയിൽ നിന്നും അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന തിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. ഇതിലേയ്ക്കായി അഡാക്കിന് 1258 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനായി ഇ-ടെണ്ടർ ക്ഷണിച്ചിരുന്നു വെങ്കിലും ടെണ്ടറൊന്നും ലഭിക്കാത്തതിനാൽ കൂടിന്റെ സ്പെസിഫിക്കേഷനിൽ മാറ്റം വരുത്തി വീണ്ടും ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| ബി) കേന്ദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) വഴിയാണോ ഈ പദ്ധതി നടപ്പിലാക്കുന്നത്; വിശദമാക്കുമോ; | ബി) ടി പദ്ധതി സി.എം.എഫ്.ആർ.ഐ, ആർ.ജി.സി.എ, കുഫോസ് മുതലായ സ്ഥാപനങ്ങളുടെ സാങ്കേതിക സഹായത്തോടെ അഡാക്കിന്റെ മേൽ നോട്ടത്തിൽ ഫിഷറീസ് വകുപ്പിന്റെ ജില്ലാ ഓഫീസുകൾ വഴിയാണ് നടപ്പിലാക്കുന്നത്. |
| സി) ഏതൊക്കെ കടൽ മേഖലകളെയാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്; | സി) ടി പദ്ധതി തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളുടെ തീരക്കടലിൽ 12 ഫാതം ആഴമുള്ള പ്രദേശങ്ങളി ലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| ഡി) | എത്ര മത്സ്യത്തൊഴിലാളികൾക്ക് ഇതുകൊണ്ട് നേട്ടമുണ്ടാകമെന്ന് വിലയിരുത്തിയിട്ടുണ്ടോ? | ഡി) | 9 മത്സ്യത്തൊഴിലാളികളിൽ കുറയാത്ത ഗ്രൂപ്പുകളാണ് ഗുണഭോക്താക്കൾ. ഇങ്ങനെയുള്ള 16 ഗ്രൂപ്പുകളെയാണ് 2016-17 സാമ്പത്തിക വർഷത്തെ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ഇത് മുഖേന കുറഞ്ഞത് 144 മത്സ്യ ത്തൊഴിലാളികൾക്ക് ഗുണം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

Sreelekha T.P

**സെക്ഷൻ ആഫീസർ**